ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

തീയതി 12.03.2018

# 33 റെയിൽവേ മേൽപ്പാലങ്ങൾക്ക് അനുമതി: മന്ത്രി ജി.സുധാകരൻ

കേരളത്തിലെ 33 റെയിൽവേ ലെവൽ ക്രോസുകളിൽ മേൽപ്പാലങ്ങൾ പണിയുന്നതിന് 2018-19 ലെ റെയിൽവേ വർക്ക് പ്രോഗ്രാമിൽ ഉൾപ്പെടുത്തി അനുമതി ലഭിച്ചതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു. 2017 സെപ്തംബർ 2 ന് പൊതുമരാമത്ത് വകുപ്പ് നൽകിയ നിർദ്ദേശം റെയിൽവേ അംഗീകരിക്കുകയായിരുന്നു. കാസർകോട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലാണ് പ്രസ്തുത മേൽപ്പാലങ്ങൾ.

ഏഴിമല സ്റ്റേഷൻ, എറണാകുളം - മട്ടാഞ്ചേരി സ്റ്റേഷനുകൾക്കിടയിൽ, മാഹി - തലശ്ശേരി, തലശ്ശേരി - എട്ടക്കോട്ട്, മുളങ്കുന്നത്തുകാവ് - പൂങ്കുന്നം, കരുനാഗപ്പള്ളി - ശാസ്താംകോട്ട, ഒല്ലൂർ - പുതുക്കാട്, ഷൊർണ്ണൂർ ജംഗ്ഷൻ - വാടാനാംകുറിശ്ശി, ചേപ്പാട് - കായംകുളം, പട്ടാമ്പി - പള്ളിപ്പുറം, പെരിനാട് - കൊല്ലം, പറളി - മങ്കര, എട്ടക്കോട്ട് - കണ്ണൂർ, കോഴിക്കോട് - വെസ്റ്റ്ഹിൽ, നിലമ്പൂർ യാർഡ്, ഷൊർണ്ണൂർ - വള്ളത്തോൾ നഗർ, താനൂർ - പരപ്പനങ്ങാടി, ഷൊർണ്ണൂർ - അങ്ങാടിപ്പുറം, അങ്ങാടിപ്പുറം - വാണിയമ്പലം, വൈക്കംറോഡ് - കുറുപ്പന്തറ, കുറുപ്പന്തറ - ഏറ്റുമാനൂർ, കണ്ണൂർ - വളപട്ടണം, പാപ്പിനിശ്ശേരി - കണ്ണപുരം, കണ്ണപുരം - പയങ്ങാടി, ഉപ്പള-മഞ്ചേശ്വരം, കായംകുളം - ഓച്ചിറ, അമ്പലപ്പുഴ - ഹരിപ്പാട്, കൊല്ലം - മയ്യനാട്, കടയ്ക്കാവൂർ - മൂരുഗമ്പുഴ സ്റ്റേഷനുകൾക്കിടയിൽ ഓരോ മേൽപ്പാലവും, പുതുക്കാട് - ഇരിങ്ങാലക്കുട, പയ്യന്നൂർ - തൃക്കരിപ്പൂർ സ്റ്റേഷനുകൾക്കിടയിൽ രണ്ടു വീതം മേൽപ്പാലങ്ങളുമാണ് 2018-19 ലെ ബജറ്റ് പ്ലാനിൽ ഉൾപ്പെടുത്തിയതെന്ന് മന്ത്രി അറിയിച്ചു.

ഈ പ്രവൃത്തികൾക്ക് ഭൂമിയേറ്റെടുത്തു നൽകിയാൽ പ്രവൃത്തിയുടെ ചെലവിന്റെ പകുതി റെയിൽവേയും ബാക്കി പകുതി സംസ്ഥാനവും വഹിക്കേണ്ടതാണെന്നും, ഈ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി. ജി.സുധാകരൻ അറിയിച്ചു.